# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2109 06.10.2016 ൽ മറുപടിക്ക്

**ചേർത്തല - കുമരകം - കോട്ടയം ഹൈവേ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിർദ്ദിഷ്ട ചേർത്തല - കുമരകം - കോട്ടയം ഹൈവേയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) ചേർത്തല - കുമരകം - കോട്ടയം ഹൈവേയുടെ DPR തയ്യാറാക്കുന്നതിനായി 18.02.2012 ലെ സ.ഉ.(സാധാ) നം.249/12/പൊ.മ.വ.പ്രകാരം അനുമതി നൽകിയിട്ടുള്ളതും 23.09.2013 ൽ DPR സർക്കാരിൽ ലഭ്യമായിട്ടുള്ളതുമാണ്. SPEEID പ്രോജക്ടിൽ ടി പ്രവൃത്തിക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. 2015 ൽ ചേർത്തല - കുമരകം - കോട്ടയം ഹൈവേയിൽ വരുന്ന ഒരു ഭാഗമായ കോടിമത-മണ്ണാർക്കാട് ബൈപ്പാസ് ആദ്യ ഘട്ടത്തിന് ജില്ലാതല ഫ്ലാഗ്ഷിപ്പ് പദ്ധതിയിൽ തത്വത്തിൽ അംഗീകാരം നൽകുകയും 20.02.2016 ലെ സ.ഉ. (കൈ) നം.7/2016/പൊ.മ.വ. പ്രകാരം ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയുണ്ടായി. ബഡ്ജറ്റിൽ കൃത്യമായി ഫണ്ട് വകയിരുത്താതെയും, മറ്റ് മാർഗ്ഗങ്ങളിൽ നിന്നോ, ബജറ്റിനു പുറത്തുനിന്നോ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെയുമാണ് ഭരണാനുമതി നൽകിയത്. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാത്തതു കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (ബി) ഈ പദ്ധതിക്കായി 2002 ൽ നാറ്റ്പാക് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ തുക എത്രയായിരുന്നു; ഇപ്പോഴത്തെ | (ബി) 2002-ൽ നാറ്റ്പാക് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയുടെ വിശദാംശം ലഭ്യമല്ല. ഇപ്പോഴത്തെ എസ്റ്റിമേറ്റ് പ്രകാരം കോടിമത മുതൽ |

| | | | |
|---|---|---|---|
| | എസ്റ്റിമേറ്റ് തുക എത്രയാണ്; | | വെച്ചൂർ വരെയുള്ള ഒന്നാം ഘട്ടത്തിന് ഏകദേശം 801.10 കോടി രൂപയും വെച്ചൂർ മുതൽ ചേർത്തല വരെയുള്ള രണ്ടാം ഘട്ടത്തിന് 397.55 കോടി രൂപയുമാണ് പദ്ധതിയുടെ നിർമ്മാണ ചെലവായി കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (സി) | പാതയുടെ കൺസൽട്ടൻറ് ആയി ഏതു സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിരുന്നത്; അവരുടെ കൺസൽട്ടൻസി ഫീസ് എത്രയായിരുന്നു; | (സി) | ചെന്നൈ ആസ്ഥാനമായ എൽ & റ്റി റാംബോളിനെയാണ് പദ്ധതിയുടെ കൺസൽട്ടന്റായി നിയമിച്ചിരുന്നത്. അവരുടെ ഫീസ് 118.50 ലക്ഷം രൂപയാണ്. |
| (ഡി) | തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലും ചേർത്തല നഗരസഭയിലും ഉള്ള ഏതൊക്കെ വാർഡുകളിലാണ് ഈ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുവാൻ തീരുമാനിച്ചിരുന്നത്; | (ഡി) | പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന നാട്ടകം, തിരുവാർപ്പ്, കുമരകം, അയ്മനം, കൈപ്പുഴ, വെച്ചൂർ എന്നീ വില്ലേജുകളിലായി 273.05 ഏക്കർ സ്ഥലവും, പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന വെച്ചൂർ, തണ്ണീർമുക്കം, കൊക്കോതമംഗലം എന്നീ വില്ലേജുകളിലായി 69.30 ഏക്കർ സ്ഥലവുമാണ് ഏറ്റെടുക്കുവാനായി ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്. |
| (ഇ) | പദ്ധതി അനിശ്ചിതമായി നീണ്ടു പോകുന്നതുമൂലം സ്ഥലമുടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഇ) | പദ്ധതി അനിശ്ചിതമായി നീണ്ടു പോകുന്നതുമൂലം സ്ഥലമുടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ടൂറിസം മേഖലയുടെ വികസനത്തിനുതകുന്ന ഈ പാതയ്ക്ക് ആവശ്യമായ തുക കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**